പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 282 8.6.2015-ലെ മറുപടിക്ക്

തടവുകാരുടെ നിരാലംബരായ കുട്ടികൾ

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ നിരാലംബരായ കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി എന്തെങ്കിലും സഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണ്; | എ) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1 മുതൽ 5 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് 3000/- രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് 5000/- രൂപയും +1, +2 വിദ്യാർത്ഥികൾക്ക് 7500/- രൂപയും, സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10,000/- രൂപയും പ്രതിവർഷം നൽകിവരുന്നുണ്ട്. |
| ബി) ഇത്തരം കുട്ടികൾ സാമൂഹികമായ ഒറ്റപ്പെടലുകൾ അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) പ്രസ്തുത കുട്ടികളെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) തടവുകാരുടെ കുട്ടികളെ സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികൾ അതിജീവിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി പ്രാഥമികതലം മുതൽ ബിരുദതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംസ്ഥാനത്ത് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ